കെ. എസ് ആർ. ടി. സി. ചീഫ് ഓഫീസ് കെട്ടിടം പണിക്കു വേണ്ടിവരുന്ന ചെലവ്

289 [316] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസ് കെട്ടിടം പണിക്കുവേണ്ടിവരുന്ന അടങ്കൽ തുക എത്ര;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ പണിക്കുവേണ്ടി 31-3-1986 വരെ ചെലവായ തുക എത്ര?

ഉത്തരം

(എ) 4,21,96,844 രൂപ (നാലുകോടി ഇരുപത്തി ഒന്ന് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി എണ്ണൂറ്റി നാൽപ്പത്തി നാല് രൂപ)

(ബി) 1,67,46,812 രൂപ (ഒരുകോടി അറുപത്തിയേഴു ലക്ഷത്തി നാൽപ്പത്താറായിരത്തി എണ്ണൂറ്റി പന്ത്രണ്ട്)

കെ. എസ്. ആർ. ടി. സി. യുടെ പുതിയ ബഹുനില കെട്ടിടം

290 [317] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ചീഫ് ഓഫീസിനുവേണ്ടി പണിതുകൊണ്ടിരിക്കുന്ന ബഹുനില കെട്ടിടം ചീഫ് ഓഫീസ് സ്ഥാപിക്കുന്നതിനുവേണ്ടി മാത്രമാണോ ഉദ്ദേശിച്ചിട്ടുള്ളത്;

(ബി) അല്ലെങ്കിൽ മറ്റ് എന്തൊവശ്യങ്ങൾക്കാണെന്നു വെളിപ്പെടുത്താമോ?

ഉത്തരം

(എ, ബി) ചീഫ് ഓഫീസ് സ്ഥാപിക്കുന്നതിനും ഓഫീസ് സൗകര്യങ്ങൾ ആധുനികവൽക്കരിക്കുന്നതിനുമാണ്. ബാക്കി സ്ഥലം അവശേഷിക്കുന്നുവെങ്കിൽ മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്ന കാര്യം അപ്പോൾ പരിഗണിക്കുന്നതാണ്.

കെ. എസ്. ആർ. ടി. സി. ചീഫ് ഓഫീസ് കെട്ടിടത്തിന്റെ വാടക

291 [318] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ചീഫ് ഓഫീസ് സ്ഥിതി ചെയ്യുന്നകെട്ടിടത്തിന് വാടകയിനത്തിൽ 31-5-1986 വരെ ചെലവായ തുക എത്രയെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ഓഫീസ് ആധുനികവൽക്കരിക്കുന്നതിനും മറ്റും ചെലവായ തുക എത്ര?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 23,55,799 രൂപ 41 പൈസ (ഇരുപത്തിമൂന്നു ലക്ഷത്തി അമ്പത്തഞ്ചായിരത്തി എഴുനൂറ്റി തൊണ്ണൂറ്റി ഒമ്പതു രൂപ നാൽപ്പത്തി ഒന്നു പൈസ)

(ബി) 16,26,131 രൂപ (പതിനാറു ലക്ഷത്തി ഇരുപത്താറായിരത്തി നൂറ്റി മുപ്പത്തി ഒന്നു രൂപ)

ട്രാൻസ്പോർട്ട് സബ് ഡിപ്പോ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം

292 [319] ഡോക്ടർ കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് സബ് ഡിപ്പോ അനുവദിക്കുവാൻ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം എന്താണ്;

(ബി) ഇതിൽനിന്നും കുട്ടനാട്ടു പ്രദേശത്തെ ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) കുട്ടനാട്ടിൽ നെടുമുടി, എടത്വാ എന്നീ സ്ഥലങ്ങളിൽ ട്രാൻസ്പോർട്ട് സ്റ്റേഷനും സബ് ഡിപ്പോയും അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സബ് ഡിപ്പോ വേണമെന്ന് ആവശ്യപ്പെടുന്ന സ്ഥലത്തെ സ്വയംഭരണ സ്ഥാപനങ്ങളോ മറ്റു സാമൂഹ്യ സംഘടനകളോ സബ് ഡിപ്പോ സ്ഥാപിക്കുന്നതിനനുയോജ്യമായ സ്ഥലത്ത് അഞ്ച് ഏക്കർ സ്ഥലവും കെ. എസ്. ആർ. ടി. സി. അംഗീകരിച്ച രൂപകല്പനയോടുകൂടിയ ഓഫീസ് കെട്ടിടങ്ങളും 3 ഗ്യാരേജും സൗജന്യമായി നിർമ്മിച്ചു കൊടുക്കുവാൻ സമ്മതിച്ചിരിക്കണം.

(ബി) ഇല്ല.

(സി) കോർപ്പറേഷന്റെ സാമ്പത്തിക പരാധീനത മൂലം എടത്വായിലും നെടുമുടിയിലും ട്രാൻസ്പോർട്ട് സ്റ്റേഷനും സബ് ഡിപ്പോയും സ്ഥാപിക്കുവാൻ തൽക്കാലം നിർവ്വാഹമില്ല.

കിളിമാനൂർ ബസ് സ്റ്റേഷന്റെ പണി

293 [320] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ ബസ് സ്റ്റേഷന്റെ പണി എന്നാണ് ആരംഭിച്ചത്;

(ബി) ബസ് സ്റ്റേഷന്റെ പണി ഇനിയും പൂർത്തീകരിക്കാത്തതിൽ പൊതുജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഈ ബസ് സ്റ്റേഷന്റെ പണി പൂർത്തിയാക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly